എ.വൈ.ആർ

സൂറഃ-9

# അത്തൗബ

ٱنفِرُواْ خِفَافٗا وَثِقَالٗا وَجَٰهِدُواْ بِأَمۡوَٰلِكُمۡ وَأَنفُسِكُمۡ فِي سَبِيلِ ٱللَّهِۚ ذَٰلِكُمۡ خَيۡرٞ لَّكُمۡ إِن كُنتُمۡ تَعۡلَمُونَ ٤١

**41.** മടിച്ചുനിൽക്കാതെ വേഗമേറിയവരായും ശത്രുക്കൾക്കെതിരെ ഉറച്ചുനിൽക്കുന്നവരായും ഇറങ്ങിപ്പുറപ്പെടുവിൻ. നിങ്ങളുടെ ധനംകൊണ്ടും ദേഹംകൊണ്ടും ദൈവിക മാർഗത്തിൽ സമരം ചെയ്യുവിൻ. അതാണ് നിങ്ങൾക്കു ഗുണകരമായിട്ടുള്ളത്; നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ.

لَوۡ كَانَ عَرَضٗا قَرِيبٗا وَسَفَرٗا قَاصِدٗا لَّٱتَّبَعُوكَ وَلَٰكِنۢ بَعُدَتۡ عَلَيۡهِمُ ٱلشُّقَّةُۚ وَسَيَحۡلِفُونَ بِٱللَّهِ لَوِ ٱسۡتَطَعۡنَا لَخَرَجۡنَا مَعَكُمۡ يُهۡلِكُونَ أَنفُسَهُمۡ وَٱللَّهُ يَعۡلَمُ إِنَّهُمۡ لَكَٰذِبُونَ ٤٢

**42.** നേട്ടം ക്ഷിപ്രസാധ്യവും യാത്ര അനായാസവുമായിരുന്നുവെങ്കിൽ തീർച്ചയായും അവർ നിന്റെ പിന്നാലെ വരുമായിരുന്നു. പക്ഷേ ഈ വഴിദൂരം അവർക്കേറെ ദുസ്സാധ്യമായി തോന്നിയിരിക്കുന്നു. ഇനി നീ തിരിച്ചെത്തിയാൽ അവർ അല്ലാഹുവിനെ പിടിച്ചാണയിട്ട് പറയുന്നത് കേൾക്കാം: 'സാധ്യമായിരുന്നുവെങ്കിൽ ഞങ്ങൾ തീർച്ചയായും നിങ്ങളോടൊപ്പം വരുമായിരുന്നു.' അവർ നശിപ്പിക്കുന്നത് അവരെ തന്നെയാകുന്നു. കള്ളം പറയുന്നവർ തന്നെയാണവരെന്ന് അല്ലാഹുവിന് നന്നായറിയാം.

عَفَا ٱللَّهُ عَنكَ لِمَ أَذِنتَ لَهُمۡ حَتَّىٰ يَتَبَيَّنَ لَكَ ٱلَّذِينَ صَدَقُواْ وَتَعۡلَمَ ٱلۡكَٰذِبِينَ ٤٣

**43.** അല്ലാഹു നിനക്ക് മാപ്പ് തന്നിരിക്കുന്നു. നീ അവർക്ക് വിടുതലനുവദിച്ചതെന്തിന്? സത്യം പറയുന്നവരാരെന്ന് നിനക്ക് വ്യക്തമാവുകയും കള്ളം പറയുന്നവരാരെന്ന് തിരിച്ചറിയുകയും ചെയ്യുന്നവരെ അവർക്ക് വിടുതലനുവദിക്കേണ്ടിയിരുന്നില്ല.

ٱنفِرُواْ = ഇറങ്ങിപ്പുറപ്പെടുവിൻ
خِفَافٗا = ഭാരമില്ലാത്തവരായി(മടിച്ചുനിൽക്കാതെ വേഗമേറിയവരായി)
وَثِقَالٗا = ഭാരമുള്ളവരായും(ശത്രുക്കൾക്കെതിരെ ഉറച്ചുനിൽക്കുന്നവരായും)
وَجَٰهِدُواْ = നിങ്ങൾ സമരം ചെയ്യുവിൻ
بِأَمۡوَٰلِكُمۡ = നിങ്ങളുടെ മുതലുകൊണ്ട്
وَأَنفُسِكُمۡ = നിങ്ങളുടെ ദേഹങ്ങൾ, ആത്മാക്കൾകൊണ്ടും
فِي سَبِيلِ ٱللَّهِ = അല്ലാഹുവിന്റെ മാർഗത്തിൽ
ذَٰلِكُمۡ خَيۡرٞ لَّكُمۡ = അതാകുന്നു നിങ്ങൾക്കു ഗുണകരമായിട്ടുള്ളത്
إِن كُنتُمۡ تَعۡلَمُونَ = നിങ്ങൾ അറിയുന്നുവെങ്കിൽ
لَوۡ كَانَ = ആയിരുന്നുവെങ്കിൽ
عَرَضٗا = വിഭവം (നേട്ടം)

قَرِيبًا= അടുത്തത് (ക്ഷിപ്രസാധ്യം) وَسَفَرًا= യാത്ര قَاصِدًا= മിതം(അനായാസവും)
لَّاتَّبَعُوكَ= തീർച്ചയായും അവർ നിന്റെ പിന്നാലെ വരുമായിരുന്നു وَلَٰكِن= പക്ഷേ
بَعُدَتْ عَلَيْهِمُ= അവർക്ക് വിദൂരമായി (ഏറെ ദുസ്സാധ്യമായി തോന്നിയിരിക്കുന്നു) ٱلشُّقَّةُ= (ലക്ഷ്യം) വഴിദൂരം
وَسَيَحْلِفُونَ بِٱللَّهِ= (ഇനി നീ തിരിച്ചെത്തിയാൽ) അവർ അല്ലാഹുവിനെ പിടിച്ചാണയിടുന്നു(ആണയിട്ടു പറയുന്നതു കേൾക്കാം)
لَوِ ٱسْتَطَعْنَا= ഞങ്ങൾക്കു സാധ്യമായിരുന്നുവെങ്കിൽ لَخَرَجْنَا= തീർച്ചയായും ഞങ്ങൾ പുറപ്പെടുമായിരുന്നു
مَعَكُمْ= നിങ്ങളോടൊപ്പം يُهْلِكُونَ= (അവർ നശിപ്പിക്കുന്നു(ന്നത്) أَنفُسَهُمْ= അവരെത്തന്നെ(യാകുന്നു)
وَٱللَّهُ يَعْلَمُ= അല്ലാഹുവിന് നന്നായറിയാം إِنَّهُمْ لَكَٰذِبُونَ= തീർച്ചയായും അവർ കള്ളംപറയുന്നവർ തന്നെയാണെന്ന്
عَفَا ٱللَّهُ= അല്ലാഹു മാപ്പ് തന്നിരിക്കുന്നു عَنكَ= നിനക്ക് لِمَ= എന്തിന് أَذِنتَ= നീ സമ്മതം നൽകി(വിടുതലനുവദിച്ചത്)
لَهُمْ= അവർക്ക് حَتَّىٰ يَتَبَيَّنَ لَكَ= നിനക്കു വ്യക്തമാകുന്നതുവരെ ٱلَّذِينَ صَدَقُوا= (ആരെന്ന്) സത്യം പറഞ്ഞവരെ(ആരെന്ന്)
وَتَعْلَمَ= നീ (തിരിച്ച്)അറിയുന്നതുവരെയും (വിടുതൽ അനുവദിക്കേണ്ടിയിരുന്നില്ല) ٱلْكَٰذِبِينَ= കള്ളം പറയുന്നവരെ(ആരെന്ന്)

**41:** ലഘുവായത്, ഭാരമില്ലാത്തത് എന്ന അർഥത്തിലുള്ള خفيف ന്റെ ബഹുവചനമാണ് خفاف. ഭാരിച്ചത് എന്ന അർഥത്തിലുള്ള ثقيلന്റെ ബഹുവചനമാണ് ثقال. യുദ്ധ പശ്ചാത്തലങ്ങളിൽ ഈ രണ്ടു പദങ്ങളും ആലങ്കാരികമായി വിവിധ അർഥങ്ങളിൽ ഉപയോഗിക്കാറുണ്ട്. മടിയേതുമില്ലാതെ യുദ്ധ മുന്നണിയിലേക്ക് പാഞ്ഞടുക്കുകയാണ് خفافന്റെ ഒരർഥം. മുൻ സൂക്തത്തിൽ, 'നിങ്ങൾ നിലത്തോടൊട്ടുന്നുവല്ലോ' -ٱثَّاقَلْتُمْ إِلَى ٱلْأَرْضِ- എന്ന വാക്യം പരിഗണിക്കുമ്പോൾ ഇവിടെ ഈയർഥമാണ് ഏറെ പ്രസക്തം. യാത്രാ ഭാണ്ഡങ്ങളുടെ ഭാരമില്ലാതെ അനായാസം സഞ്ചരിക്കുന്നവരായി എന്നാണ് മറ്റൊരർഥം. കാൽനടയെ അപേക്ഷിച്ച് വാഹന സഞ്ചാരം അനായാസകരമാണ് എന്ന അടിസ്ഥാനത്തിൽ വാഹനങ്ങളിലേറിയവരായി എന്ന അർഥത്തിലും ഉപയോഗിക്കും. خفافന്റെ വിപരീതാർഥങ്ങളെല്ലാം ثقالനുണ്ട്. കൂടാതെ രണാങ്കണത്തിൽ ഉറച്ചുനിന്നു പോരാടുക എന്ന ഒരർഥവും കൂടിയുണ്ട്. ഈ അർഥമാണ് ഇവിടെ കൂടുതൽ പ്രസക്തം. അതായത്, വിശ്വാസികൾ മടിച്ചുനിൽക്കാതെ അതിവേഗം പ്രവാചകനോടൊപ്പം പുറപ്പെടുകയും സ്ഥൈര്യത്തോടെ ശത്രുക്കളെ നേരിടുകയും ചെയ്യുക. ഇതേ അർഥത്തിൽ ഈ പദങ്ങൾ അറബി കവികൾ ഉപയോഗിക്കാറുണ്ട്. ഉദാ: അബുത്ത്വയ്യിബ് പാടി: ثقَال اذالَاقُوا خفَافٌ اذَا دُعُوا (ശത്രുക്കളോടേറ്റുമുട്ടിയാൽ ഉറച്ചുനിന്നു പോരാടുന്നവരും രണാങ്കണത്തിലേക്കു വിളിച്ചാൽ പറന്നെത്തുന്നവരുമാണവർ).

പ്രതിബന്ധങ്ങളെ അതിജയിക്കാനുള്ള അധ്വാന പരിശ്രമങ്ങളാണ് ജിഹാദ്. അക്രമിക്കാനെത്തുന്ന ശത്രുക്കളോടു സായുധമായി പോരാടുന്നത് ജിഹാദിന്റെ ഏറ്റവും ആത്യന്തിക രൂപമാണ്. അതിനു താഴെയും ധാരാളം രൂപങ്ങളുണ്ട്. ധർമ സാക്ഷാത്കാരത്തിനുവേണ്ടി നടത്തുന്ന എല്ലാ ത്യാഗപരിശ്രമങ്ങളും ജിഹാദാണ്. സ്വന്തം ജഢികാസക്തികളെയും ദുശ്ശീലങ്ങളെയും അതിജയിക്കാൻ ഒരാൾ തന്നോടുതന്നെ നടത്തുന്ന സമരവും അക്കൂട്ടത്തിൽ പെടുന്നു. എന്നല്ല, അതാണ് ഏറ്റവും വലിയ ജിഹാദ് എന്ന് പ്രവാചകൻ പ്രസ്താവിച്ചതായി നിവേദനമുണ്ട്. ഈ സൂക്തത്തിൽ യുദ്ധത്തിനു പോകാനും ശത്രുക്കളോട് ഉറച്ചുനിന്ന് പോരാടാനും ആഹ്വാനംചെയ്തശേഷമുള്ള, 'ധനംകൊണ്ടും ദേഹംകൊണ്ടും ജിഹാദു ചെയ്യുക' എന്ന പരാമർശം യുദ്ധ പശ്ചാത്തലത്തിൽ പോലും സായുധ പോരാട്ടമല്ലാതെയും ജിഹാദുണ്ട് എന്നു വ്യക്തമാക്കുന്നു. പ്രതിരോധ ഫണ്ടിലേക്കും മറ്റു സൽകാര്യങ്ങളിലേക്കും ഉദാരമായി ധനവ്യയം ചെയ്യുകയാണ് ധനംകൊണ്ടുള്ള ജിഹാദ്. ദേഹംകൊണ്ടുള്ള ജിഹാദിൽ സായുധ സമരവും മറ്റു തരത്തിലുള്ള സേവന പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ഇതെപ്പറ്റി പൂർവിക ഇസ്‌ലാമിക പണ്ഡിതന്മാർ പറഞ്ഞു: ധനംകൊണ്ടും ദേഹംകൊണ്ടും ജിഹാദ്ചെയ്യുക എന്നത് അല്ലാഹുവിന്റെ കൽപനയാണ്. രണ്ടിനും കഴിയുന്നവർക്ക് രണ്ടും നിർബന്ധമാണ്. ഏതെങ്കിലും ഒന്നിനുമാത്രം കഴിയുന്നവർക്ക് അത് നിർബന്ധമാകുന്നു. ഇമാം(സർക്കാർ) സൈനിക സേവനത്തിന് പൊതു കൽപന പുറപ്പെടുവിച്ചാൽ ഈ രണ്ടു കഴിവുമോ അതിലൊന്നോ (ഉണ്ടെങ്കിൽ) ഉപയോഗിച്ച് ജിഹാദ് ചെയ്യേണ്ടത് ഓരോ മുസ്‌ലിം പൗരന്റെയും വ്യക്തിപരമായ ബാധ്യത -فرض عين- ആണ്.

ജിഹാദ്(അധ്വാന പരിശ്രമം) എന്നു പറയുമ്പോൾ പെട്ടെന്ന് മനസ്സിലുണരുക ശാരീരികമായ ജിഹാദാണ്. അത്രതന്നെ പ്രധാനമാണ് സാമ്പത്തിക ജിഹാദും എന്നു വ്യക്തമാക്കാനാണ് ഇവിടെ ശരീരത്തെ പരാമർശിക്കുന്നതിനുമുമ്പ് ധനത്തെ പരാമർശിച്ചത് എന്നും പണ്ഡിതന്മാർ നിരീക്ഷിച്ചിരിക്കുന്നു.

സൂക്തത്തിന്റെ സാരമിതാണ്: മുൻ സൂക്തത്തിൽ സൂചിപ്പിച്ച, അല്ലാഹുവിന്റെ സഹായത്തിലും പിന്തുണയിലും മുസ്‌ലിംകൾ വിശ്വാസമർപ്പിക്കണം. പരാജയഭീതികൊണ്ടോ സ്വാർഥലാഭം നോക്കിയോ മടിച്ചുനിൽക്കാതെ സത്വരം പ്രവാചകനോടൊപ്പം പ്രതിരോധത്തിനു പുറപ്പെടുകയും സ്ഥൈര്യത്തോടെ ശത്രുക്കളെ നേരിടുകയും വേണം. അങ്ങനെ ധനവും ദേഹവും അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിക്കുന്നതാണ് ശ്രേഷ്ഠമായ നടപടി. ചിന്തിച്ചുനോക്കിയാൽ അക്കാര്യം നിങ്ങൾക്ക് തന്നെ മനസ്സിലാക്കാൻ കഴിയും.

**42:** عرضന്റെ വിവിധ അർഥങ്ങൾ *ഖുർആൻ ബോധനം* നേരത്തേ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ متاع (വിഭവം) എന്ന അർഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. സ്ഥിരമായി നിലനിൽക്കുന്ന സത്തയല്ലാത്ത, താൽക്കാലികമായി ഉണ്ടാവുകയും മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന വസ്തുക്കളും ഗുണങ്ങളുമെല്ലാം عرض ആണ്. ഭൗതികവിഭവങ്ങളെക്കുറിക്കാൻ عرض എന്ന് ഉപയോഗിക്കുന്നത് അവയുടെ ക്ഷണികതയും ക്ഷുദ്രതയും കൂടി ധ്വനിപ്പിക്കുന്നതിനുവേണ്ടിയാണ്. قريبന്റെ ഭാഷാർഥം അടുത്തത് എന്നാണെങ്കിലും ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്, ഏറെ ദൂരം സഞ്ചരിച്ച് ക്ലേശിക്കുകയോ ശത്രുക്കളുമായി ജീവൻ പണയം

വെച്ച് പോരാടുകയോ ഒന്നും ചെയ്യാതെ, യുദ്ധമുതലുകൾ സ്വന്തമാക്കുക ക്ഷിപ്രസാധ്യമായിരുന്നെങ്കിൽ എന്നാകുന്നു. مقتصد -മിതമായത്, അനായാസകരമായത്- എന്ന അർഥത്തിലാണ് قاصد ഉപയോഗിച്ചിരിക്കുന്നത്. قاصدന് ലക്ഷ്യത്തിലേക്ക് ഗമിക്കുന്നവൻ, മുന്നിൽ നടക്കുന്നവൻ, നേതൃത്വം നൽകുന്നവൻ എന്നീ അർഥങ്ങളും ഉണ്ട്. പുറപ്പെടുന്ന സ്ഥാനവും ലക്ഷ്യസ്ഥാനവും തമ്മിലുള്ള അകലമാണ് شقّة. ദൂരം, അകലം എന്ന അർഥത്തിലുള്ള بعدൽനിന്നുള്ള ക്രിയയാണ് بَعُدَتْ. വിദൂരമായി എന്നർഥം. അസാധ്യമായി, ദുസ്സഹമായി തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കുന്നു. മുൻ സൂക്തത്തിലെ ആഹ്വാനത്തെത്തുടർന്ന് അടിയുറച്ച ഈമാനുള്ള മുസ്‌ലിംകളെല്ലാം പ്രവാചകനോടൊപ്പം സമരസജ്ജരായി പുറപ്പെട്ടു. ന്യായമായ കാരണങ്ങളാൽ സമരയാത്രയിൽനിന്ന് മാറിനിൽക്കേണ്ടിവന്നവരും പിന്നെ കപടവിശ്വാസികളും മാത്രമാണ് അതിൽനിന്ന് പിന്മാറിയത്. അക്കൂട്ടത്തിൽ കപടവിശ്വാസികളെക്കുറിച്ചാണ് ഈ സൂക്തം സംസാരിക്കുന്നത്. പ്രവാചകനും സംഘവും മദീന വിട്ട് കുറെ ദൂരം സഞ്ചരിച്ച ശേഷമാണ് ഈ സൂക്തം അവതരിച്ചതെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചിട്ടുള്ളതായി ഇബ്നു ജരീർ ഉദ്ധരിച്ചിരിക്കുന്നു.

അനായാസം യാത്രചെയ്ത് വലിയ ബുദ്ധിമുട്ടൊന്നുമില്ലാതെ യുദ്ധമുതലുകൾ നേടാൻ കഴിയുമായിരുന്നെങ്കിൽ, വ്യാജകാരണങ്ങൾ പറഞ്ഞ് ഇപ്പോൾ സമരയാത്രയിൽനിന്ന് പിൻവാങ്ങിയ ആളുകളൊക്കെ നിസ്സങ്കോചം പ്രവാചകന്റെ കൂടെ വരാൻ തയാറാകുമായിരുന്നു. പക്ഷേ, ഇവിടെ കാര്യം അങ്ങനെയല്ല. അത്യുഷ്ണകാലം. മദീനയിൽ വിളവെടുപ്പ് അടുത്ത അവസരം. ഈ സന്ദർഭത്തിൽ ഹ്രസ്വയാത്രകൾ പോലും വിഷമകരമാണ്. എഴുന്നൂറോളം കിലോമീറ്റർ അകലെയുള്ള തബൂക്കിലേക്കുള്ള യാത്ര ദുഷ്കരംതന്നെയാകുന്നു. പോരാത്തതിന് പോകുന്നതാകട്ടെ അക്കാലത്തെ ഏറ്റവും വലിയ സൈനികശക്തിയായ റോമിനോട് ഏറ്റുമുട്ടാനും. അവരെ ജയിക്കുക മുസ്‌ലിംകൾക്ക് ദുസ്സാധ്യംതന്നെ. ഈ വിചാരമാണ് അവർ സമരയാത്രയിൽനിന്ന് പിന്തിരിയാനുള്ള യഥാർഥ കാരണം. വേറെ പലവക ഒഴികഴിവുകൾ നിരത്തി തങ്ങളുടെ ഈ ദൗർബല്യം മൂടിവെക്കാൻ ശ്രമിക്കുകയാണവർ. വിശ്വാസികൾക്ക് തബൂക്കിൽ പോയി ജയിച്ചുവരാമെന്ന് അവർ കരുതുന്നില്ല. പരാജിതരായാണ് നിങ്ങൾ തിരിച്ചുവരുന്നതെങ്കിൽ അവർ പറയും, ഈ പരാജയം മുൻകൂട്ടി കണ്ടതുകൊണ്ടാണ് ഞങ്ങൾ നിങ്ങളോടൊപ്പം ചാടിപ്പുറപ്പെടാതിരുന്നത്. ഞങ്ങളുടെ വിവേകം ഞങ്ങളെ രക്ഷിച്ചു. എന്നാൽ സംഭവിക്കാൻ പോകുന്നത് അവർ പ്രതീക്ഷിക്കുന്നതല്ല. നിങ്ങൾ യാതൊരു ക്ഷതവുമില്ലാതെ ജേതാക്കളായിത്തന്നെ തിരിച്ചെത്തും. അപ്പോഴവർ ആണയിട്ടു പറയുക ഇങ്ങനെയായിരിക്കും, അല്ലാഹുവാണ, ഈ മഹത്തായ സംരംഭത്തിൽ പങ്കെടുക്കാൻ കഴിയാതെ പോയതിൽ ഞങ്ങൾക്ക് വലിയ ദുഃഖമുണ്ട്. വല്ല നിവൃത്തിയുമുണ്ടെങ്കിൽ തീർച്ചയായും ഞങ്ങൾ നിങ്ങളുടെ കൂടെ വരുമായിരുന്നു. പക്ഷേ എന്തു ചെയ്യാൻ! ഇവിടെനിന്നു പോരാൻ തീരെ നിവൃത്തിയുണ്ടായിരുന്നില്ല. ആ നിവൃത്തികേടുകളൊക്കെ അവഗണിച്ചുകൊണ്ട് സൈന്യത്തോടൊപ്പം പുറപ്പെട്ടിരുന്നുവെങ്കിൽ ഞങ്ങൾക്ക് വലിയ ആപത്തുണ്ടാകുമായിരുന്നു.

എന്നാൽ പ്രവാചകനോടൊപ്പം പുറപ്പെട്ട മറ്റു വിശ്വാസികൾക്കില്ലാത്ത പ്രശ്നങ്ങളൊന്നും അവർക്കുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. നാവുകൊണ്ട് നിങ്ങളെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുകയാണവർ. പക്ഷേ, അല്ലാഹുവിന് നന്നായറിയാം, അവർ പറയുന്നതൊക്കെ കള്ളമാണെന്ന്.

തങ്ങൾ ആപത്തിലകപ്പെട്ടേക്കുമെന്ന ഭയംകൊണ്ടാണല്ലോ അവർ പിന്തിരിഞ്ഞത്. വീട്ടിലിരിക്കുന്നതാണ് രക്ഷ എന്നവർ കരുതി. പക്ഷേ ആ ഇരുത്തത്തിലൂടെ അവർ സ്വയം നാശത്തിലകപ്പെടുത്തുകയാണ് ചെയ്യുന്നത്. കാരണം സൈനികസേവനത്തിനുള്ള പൊതുകൽപനയിൽനിന്ന്, ഇല്ലാത്ത കാരണങ്ങൾ കാണിച്ച് മാറിനിൽക്കുന്നത് യുദ്ധത്തിൽനിന്ന് പിന്തിരിഞ്ഞോടലാണ്. അല്ലാഹുവിന്റെ കൊടൂരമായ ശിക്ഷയർഹിക്കുന്ന പാപമാണത്. അത്തരം പിന്മാറ്റം ചിലപ്പോൾ സ്വന്തം സമൂഹം ശത്രുക്കളാൽ കീഴടക്കപ്പെടാൻ കാരണമായേക്കും. അങ്ങനെ സംഭവിച്ചാൽ സമൂഹത്തിനുണ്ടാകുന്ന നാശത്തിൽനിന്ന് അവരും മുക്തരാവുകയില്ല. നേരത്തേ സൂറ *അൽബഖറ* 195-ാം സൂക്തത്തിൽ ദൈവികമാർഗത്തിൽ ധനവ്യയത്തിനാഹ്വാനം ചെയ്തുകൊണ്ട് ഇങ്ങനെ പറയുന്നുണ്ട്: وَأَنفِقُوا۟ فِى سَبِيلِ ٱللَّهِ وَلَا تُلْقُوا۟ بِأَيْدِيكُمْ إِلَى ٱلتَّهْلُكَةِ (അല്ലാഹുവിന്റെ മാർഗത്തിൽ ധനവ്യയം ചെയ്യുവിൻ. സ്വകരങ്ങളാൽ തന്നെ നിങ്ങളെ ആപത്തിൽ ചാടിക്കാതിരിക്കുവിൻ). സമൂഹരക്ഷാർഥം സമ്പത്ത് ചെലവഴിക്കേണ്ടത്, അത് കൈവശമുള്ളവരുടെ സുരക്ഷിതമായ നിലനിൽപിന്ന് അനിവാര്യമാണെന്നും സാമൂഹികപരാജയത്തിന്റെ ഫലം വ്യക്തികളും അനുഭവിക്കേണ്ടിവരുമെന്നുമാണ് ഈ വാക്യം ചൂണ്ടിക്കാണിക്കുന്നത്. ഇത് സൈനിക സേവനത്തിന്റെയും യുദ്ധഫണ്ടിന്റെയും മാത്രം കാര്യമല്ല. അല്ലാഹു ചുമത്തിയ ഏതു ബാധ്യതയിൽനിന്നും ഓടിയൊളിക്കുന്നവർ യഥാർഥത്തിൽ ചെന്നുചാടുന്നത് ആപത്ഗർത്തങ്ങളിലാണ്.

കാര്യമായ അധ്വാനമോ ത്യാഗമോ ആവശ്യപ്പെടാത്ത സന്ദർഭങ്ങളിൽ ദീനീ പ്രവർത്തകരായും സമുദായ സേവകരായും വിലസുകയും, ക്ലേശവും ത്യാഗവും ആവശ്യപ്പെടുന്ന സന്ദർഭങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ സ്വരക്ഷയും സ്വാർഥ ലാഭങ്ങളുമോർത്ത് അതിൽനിന്നൊക്കെ തലയൂരുകയും ചെയ്യുന്നവർ ഇക്കാലത്തും ഉണ്ട്. സംരംഭം പരാജയപ്പെട്ടാൽ, അത് മുൻകൂട്ടി കണ്ടതുകൊണ്ട് തങ്ങളതിൽനിന്ന് തന്ത്രപൂർവം വിട്ടുനിൽക്കുകയായിരുന്നു എന്നവർ മേനി നടിക്കും. വിജയിക്കുകയാണുണ്ടായതെങ്കിൽ, തങ്ങൾക്കതിനോട് തികഞ്ഞ കൂറുണ്ടായിരുന്നുവെന്നും വല്ല പഴുതുമുണ്ടായിരുന്നുവെങ്കിൽ അതിൽ നേരിട്ട് പങ്കെടുക്കുമായിരുന്നുവെന്നും സത്യം ചെയ്തുകൊണ്ടായിരിക്കും അവർ മുന്നോട്ടുവരിക. ഇത്തരക്കാർക്ക് അവരുടെ വാക്സാമർഥ്യംകൊണ്ട് ആളുകളെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞേക്കാം. പക്ഷേ, അവർ പറയുന്നതെല്ലാം കള്ളമാണെന്നും അവർ തികഞ്ഞ കപടന്മാരാണെന്നും അല്ലാഹുവിന് നല്ലവണ്ണമറിയാം. അവരുടെ വായ്ത്താരിയനുസരിച്ചല്ല അല്ലാഹുവിന്റെ അറിവനുസരിച്ചാണ് കർമഫലം ലഭിക്കുക.

**43:** തബൂക്കിലേക്ക് പുറപ്പെടാനുള്ള പൊതുവിളംബരമുണ്ടായപ്പോൾ, പുറമെ മുസ്‌ലിംകളും അകമേ കാഫിറുകളുമായി കഴിഞ്ഞിരുന്ന കപടവിശ്വാസികൾ സൈനികസേവനത്തിൽനിന്ന് മാറിനിൽക്കാൻ ഉന്നയിച്ച കാരണങ്ങൾ വ്യാജമാണെന്നറിഞ്ഞുകൊണ്ടുതന്നെ പ്രവാചകൻ അവർക്ക് വിടുതൽ നൽകുകയായിരുന്നു. അങ്ങനെ വിടുതൽ അനുവദിക്കേണ്ടിയിരുന്നില്ല എന്ന് അല്ലാഹു പ്രവാചകനെ ഉണർത്തിയിരിക്കുകയാണ് ഈ സൂക്തത്തിൽ. പ്രവാചകൻ വിടുതൽ നൽകിയിരുന്നില്ലെങ്കിലും അവർ തബൂക്കിലേക്ക് വരുമായിരുന്നില്ല. പ്രവാചകനോടൊപ്പം പോവില്ല എന്ന് നേരത്തേ തീരുമാനിച്ചതാണവർ. പ്രവാചകന്റെ അനുമതികൊണ്ട് സ്വന്തം കാപട്യം മൂടിവെക്കാനാണവർ അനുമതി ചോദിച്ചത്. പ്രവാചകൻ അനുമതി കൊടുത്തപ്പോൾ അവരതിൽ വിജയിക്കുകയായിരുന്നു. പ്രവാചകന്റെ അനുമതിയില്ലായി

രുന്നുവെങ്കിൽ ഈ പിന്മാറ്റം മാലോകർക്കുമുമ്പിൽ അവരുടെ കാപട്യം തുറന്നുകാണിക്കുമായിരുന്നു. അതായിരുന്നു കൂടുതൽ കരണീയം.

അല്ലാഹുവിന്റെ ഭാഗത്തുനിന്ന് പ്രവാചകനു നേരെയുള്ള കുറ്റാരോപണമാണിതെന്നും, പ്രവാചകന്മാർ തെറ്റുചെയ്യാമെന്നതിന്റെ തെളിവാണിതെന്നും ചിലർ പറയുന്നുണ്ട്. ഇതൊരു അമിതവ്യാഖ്യാനമാണ്. പ്രവാചകനു നേരെയുള്ള ആക്ഷേപമെന്നോ കുറ്റാരോപണമെന്നോ പറയാനുള്ള വകയൊന്നും ഈ സൂക്തത്തിലില്ല. സൂക്തം തുടങ്ങുന്നത് عَفَا ٱللَّهُ عَنكَ (അല്ലാഹു നിനക്ക് മാപ്പ് തന്നിരിക്കുന്നു, വിട്ടുവീഴ്ച ചെയ്തിരിക്കുന്നു) എന്നാണ്. തെറ്റുപരാമർശിക്കുന്നതിന് മുമ്പുതന്നെ മാപ്പ് പരാമർശിച്ചതിൽനിന്ന് അതൊരു കാര്യമായ തെറ്റല്ല എന്ന് വ്യക്തമാകുന്നു. ചെയ്തത് ശരിയായിരിക്കുമ്പോൾതന്നെ അതിനേക്കാൾ ശരിയായ മറ്റൊന്നുണ്ടാവാം. അത് സൂചിപ്പിക്കുന്നതിനർഥം ആദ്യത്തേത് തെറ്റോ കുറ്റമോ ആണെന്നല്ല. കപടന്മാർ ഏതായാലും തന്നോടൊപ്പം വരാൻ പോകുന്നില്ലെന്ന് പ്രവാചകനറിയാമായിരുന്നു. അനുമതി നിഷേധിക്കപ്പെട്ടിട്ടും വീട്ടിലിരുന്നാൽ അത് സമൂഹത്തിൽ പാട്ടാകും. കപടവിശ്വാസികളെ ആളുകൾ തിരിച്ചറിയും. അതിനേക്കാൾ നല്ലത് അവർ വിശ്വാസവും കൂറും അനുസരണവുമുള്ളവരായിരുന്നു എന്ന് അറിയപ്പെടുന്നതാണെന്ന് പ്രവാചകനു തോന്നി. ഇത് പ്രവാചകൻ സ്വയം സ്വീകരിച്ച ഒരു വീക്ഷണം-اجتهاد- ആയിരുന്നു. അതേസമയം കപടവിശ്വാസികൾ ഈ അനുമതിയെ അവരുടെ കാപട്യം മറച്ചുവെക്കാനുള്ള നല്ലൊരു മൂടുപടമായി ഉപയോഗിച്ചു. അതിനവർക്ക് അവസരം നൽകാതെ, ബോധ്യപ്പെടാത്ത കാരണങ്ങൾ ഉന്നയിച്ച് വിടുതൽ ചോദിക്കുന്നവർക്ക് അത് നിഷേധിക്കുകയായിരുന്നു കൂടുതൽ നല്ലത് എന്നാണ് അല്ലാഹു ഉണർത്തുന്നത്. കാരണം യഥാർഥ വിശ്വാസികളാരെന്നും കപടന്മാരാരെന്നും പ്രവാചകനും സമൂഹവും വ്യക്തമായി വേർതിരിച്ചു മനസ്സിലാക്കേണ്ട സന്ദർഭമാണിത്.

പ്രവാചകന്മാർ മനുഷ്യരാണ്. തെറ്റുകൾ അവർക്കും സംഭവിക്കാം. സംഭവിച്ചാൽ ഉടനെ അല്ലാഹു അത് തിരുത്തിക്കൊടുക്കുകയും ചെയ്യും. മുഹമ്മദ് നബിക്ക് വല്ല അബദ്ധങ്ങളും സംഭവിച്ചിട്ടുണ്ടെങ്കിൽ അതൊക്കെ അല്ലാഹുവിനാൽ തിരുത്തപ്പെട്ടിരിക്കുന്നു. അതിനാൽ ഇന്ന് നമ്മുടെ മുമ്പിലുള്ള പ്രവാചകചര്യയിൽ തെറ്റായതോ തെറ്റായതെന്ന് സംശയിക്കാവുന്നതോ ആയ യാതൊന്നുമില്ല. ഈ സൂക്തം പരാമർശിക്കുന്ന സംഗതി ഒരു തെറ്റാണെന്നുവെച്ചാൽ തന്നെ അല്ലാഹുവിങ്കൽനിന്നുള്ള അതിന്റെ തിരുത്തും ഇതിൽതന്നെയുണ്ട്. എന്നാൽ, സൂക്തത്തിലെ വാക്കുകളിൽനിന്ന് വ്യക്തമാകുന്നത് ഒരു കുറ്റപ്പെടുത്തലല്ല; കൂടുതൽ നല്ലതിലേക്കുള്ള ഉപദേശമാണ്. അതായത്, അവരുടെ കാപട്യം മൂടിവെക്കാൻ സൗകര്യമാകുംവണ്ണം സമ്മതം കൊടുക്കേണ്ടിയിരുന്നില്ല, സത്യസന്ധരും വ്യാജന്മാരും വേർതിരിക്കപ്പെടാൻ അവസരം സൃഷ്ടിക്കുന്നതായിരുന്നു കൂടുതൽ നല്ലത്. പ്രവാചകൻ സമ്മതം നൽകിയാലും ഇല്ലെങ്കിലും അവർ സമരത്തിൽ പങ്കെടുക്കുകയില്ലെന്നും അഥവാ പങ്കെടുത്താൽതന്നെ അതുകൊണ്ട് മുസ്‌ലിംകൾക്ക് ദോഷമല്ലാതെ ഗുണമേതുമുണ്ടാവില്ലെന്നും പിറകെ വ്യക്തമാക്കുന്നുണ്ട്. ■